**A** | **302**

# സമഗ്രശിക്ഷാ കേരളം

## പാദവാർഷിക മൂല്യനിർണ്ണയം 2024-2025

## മലയാളം

ക്ലാസ് - 3 | സമയം: 2 മണിക്കൂർ

കുട്ടിയുടെ പേര്.............................

വിദ്യാലയത്തിന്റെ പേര്.............................

ഡിവിഷൻ.............................

രക്ഷിതാവിന്റെ ഒപ്പ്.............................

അധ്യാപകന്റെ ഒപ്പ്.............................

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | ലഭിച്ച ഗ്രേഡ് |
|---|---|---|
| 1 | വായിക്കാം എഴുതാം | |
| 2 | നിയമാവലി തയ്യാറാക്കാം | |
| 3 | ഡയറി എഴുതാം | |
| 4 | ക്രമത്തിലെഴുതാം | |
| 5 | കണ്ടെത്താം എഴുതാം | |
| 6 | വായിക്കാം വരയ്ക്കാം | |
| | ഓവറോൾ ഗ്രേഡ് | |

1. താഴെ കൊടുത്തിട്ടുള്ള ആറു പ്രവർത്തനങ്ങളിൽ ഒന്നാമത്തെ പ്രവർത്തനത്തിന് നിർബന്ധമായും ഉത്തരമെഴുതണം. രണ്ടുമുതൽ ആറുവരെ പ്രവർത്തനങ്ങളിൽ നാലു പ്രവർത്തനങ്ങൾക്ക് ഉത്തരമെഴുതിയാൽ മതി.
2. മൂല്യനിർണ്ണയപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമുൻപ് പതിനഞ്ചു മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
3. ഉത്തരമെഴുതാൻ കൂടുതൽ സ്ഥലം ആവശ്യമെങ്കിൽ കുട്ടികൾക്ക് കടലാസ് അധികം ഉപയോഗിക്കാം.

### പ്രവർത്തനം 1. വായിക്കാം എഴുതാം

മക്കന്നൂർ
02.09.2024

പ്രിയപ്പെട്ട മാളൂ,

നിനക്ക് സുഖമല്ലേ? ഒരു വിശേഷം പറയാനാണ് ഞാൻ ഈ കത്തെഴുതുന്നത്. ഞാൻ ഇന്നലെ അമ്മയോടൊപ്പം പുന്നെല്ലൂരിലെ നാളം ക്ലബ്ബിന്റെ വാർഷികാഘോഷം കാണാൻ പോയി. നാടകം,ഒപ്പന,തിരുവാതിര,നാടൻപാട്ട്,മാർഗംകളി എന്നിങ്ങനെ ധാരാളം കലാപരിപാടികൾ കണ്ടു. അവയിൽ എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടത് തിരുവാതിരയാണ്. കത്തിച്ചുവച്ച നിലവിളക്കിനുചുറ്റും കുറേ അമ്മമാരാണ് തിരുവാതിര കളിച്ചത്. തിരുവാതിര വേഷത്തിൽ അവരെകാണാൻ എന്ത് ഭംഗിയായിരുന്നെന്നോ! മുണ്ടും വേഷ്ടിയുമാണതെന്ന് അമ്മ പറഞ്ഞുതന്നു. തലയിൽ ദശപുഷ്പവും ചൂടിയിരുന്നു. തിരുവാതിരയുടെ മധുരസംഗീതം ആരുടേയും മനം കവരും. പാട്ടിന്റെ താളത്തിനനുസരിച്ച് കളിയുടെ വേഗം കൂടുകയും കുറയുകയും ചെയ്യും. എനിക്കും ഇത് കളിക്കണമെന്ന് ആഗ്രഹമുണ്ട്. എന്തായാലും ഇത്തവണ സ്കൂൾ വാർഷികത്തിന് നമുക്കും തിരുവാതിര കളിക്കണം. നീയും കൂടില്ലേ?

സ്നേഹത്തോടെ,
കുഞ്ഞാറ്റ.

കത്ത് വായിച്ചല്ലോ. ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ശരിയായ ഉത്തരമെഴുതൂ.

i) ക്ലബ്ബിന്റെ വാർഷികാഘോഷ പരിപാടികളിൽ കുഞ്ഞാറ്റയ്ക്ക് ഏറ്റവും ഇഷ്ടപ്പെട്ടത് ഏതാണ്?

എ) നാടകം
ബി) തിരുവാതിര
സി) ഒപ്പന
ഡി) നാടൻപാട്ട്

ii) മധുരസംഗീതം എന്നതുകൊണ്ട് അർഥമാക്കുന്നതെന്ത്?

എ) ഉച്ചത്തിലുള്ള പാട്ട്
ബി) സംഘമായി പാടുന്ന പാട്ട്
സി) മധുരം കഴിച്ചുകൊണ്ട് പാടുന്ന പാട്ട്
ഡി) കേൾക്കാൻ ഇമ്പമുള്ള പാട്ട്

iii) 'മുണ്ടും വേഷ്ടിയും' എന്ന് കത്തിൽ സൂചിപ്പിക്കുന്നത് എന്തിനെയാണ്?

എ) തിരുവാതിരപ്പാട്ട്
ബി) തിരുവാതിരച്ചുവട്
സി) തിരുവാതിരവേഷം
ഡി) തിരുവാതിരവിളക്ക്

iv) തിരുവാതിരക്കളി കാണികൾ ഇഷ്ടപ്പെടുന്നത് എന്തുകൊണ്ടാണ്?

എ) ഭംഗിയുള്ള വേഷം
ബി) ഇമ്പമാർന്ന പാട്ട്
സി) കൂട്ടം ചേർന്ന കളി
ഡി) ഇവയെല്ലാം

v) ക്ലബ്ബിന്റെ വാർഷികാഘോഷത്തിനു ശേഷം കുഞ്ഞാറ്റയെടുത്ത തീരുമാനം എന്ത്?

എ) നാടകത്തിൽ അഭിനയിക്കണം
ബി) മാർഗംകളിയിൽ ചേരണം
സി) തിരുവാതിര കളിക്കണം
ഡി) നാടൻപാട്ട് പാടണം

പ്രവർത്തനം 2. നിയമാവലി തയ്യാറാക്കാം



പഴമെറിയൽ മത്സരം - നിയമാവലി

- ഒരു സമയം ഒരാൾ മാത്രമാണ് മത്സരിക്കുന്നത്.
- അഞ്ചുമിനിട്ടാണ് മത്സര സമയം.
- അടയാളപ്പെടുത്തിയിട്ടുള്ള വരയിൽ നിന്നാണ് പഴം കൂടയിലേക്ക് എറിയേണ്ടത്.
- ഒരു തവണ ഒരു പഴം മാത്രമേ എറിയാവൂ.
- കൂടുതൽ പഴങ്ങൾ കൂടയ്ക്കകത്ത് എറിഞ്ഞു വീഴ്ത്തുന്ന ആളാണ് വിജയി.


മുത്തുമലക്കാട്ടിലെ പഴമെറിയൽ മത്സരത്തിന്റെ നിയമാവലി വായിച്ചല്ലോ. ഇതുപോലെ നിങ്ങൾക്കിഷ്ടപ്പെട്ട ഒരു കളിയുടെ നിയമാവലി തയ്യാറാക്കൂ.

കളിയുടെ പേര്:

നിയമാവലി


പ്രവർത്തനം 3. ഡയറി എഴുതാം

നീലു അവൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട പായസവും തയ്യാറാക്കിയാണ് സ്കൂളിലേക്ക് പോയത്. മീനുവിന്റെ സ്കൂളിൽ അന്ന് ഭക്ഷ്യമേളയായിരുന്നു. പായസം രുചിച്ചവരെല്ലാം അവളെ അഭിനന്ദിച്ചു. അവൾക്ക് വളരെ സന്തോഷമായി. പതിവുപോലെ അന്നും രാത്രിയിൽ അവൾ ഡയറിയെഴുതാനിരുന്നു. ഭക്ഷ്യമേളയിലെ കാഴ്ചകൾ അവളുടെ മനസ്സിലേക്ക് ഓടിയെത്തി. എന്തൊക്കെയാവും നീലു ഡയറിയിൽ എഴുതിയിട്ടുണ്ടാവുക. ഒരു ഡയറിക്കുറിപ്പ് എഴുതൂ.




**പ്രവർത്തനം 4. ക്രമത്തിലെഴുതാം**

നീലു പിറന്നാൾ സമ്മാനമായി സ്കൂളിലെ അടുക്കളത്തോട്ടത്തിലേയ്ക്ക് കുറച്ച് പച്ചക്കറിത്തൈകൾ നൽകി. തൈകൾക്കൊപ്പംവയ്ക്കാൻ തയ്യാറാക്കിയ ബോർഡുകളാണ് ചുവടെ കാണുന്നത്. ബോർഡിലെ പേരുകൾ വായിക്കൂ.




i) പച്ചക്കറിത്തൈകളുടെ പേരുകൾ ചുവടെയുള്ള ബോർഡുകളിലേക്ക് അക്ഷരമാലക്രമത്തിൽ എഴുതൂ.



ii) 'പൗഡറു പൂശിയ സുന്ദരി ഞാൻ
കറി വച്ചാലോ വമ്പത്തി.'

ഈ കടങ്കഥയ്ക്ക് ഉത്തരമായി വരുന്ന പച്ചക്കറി ഏത്?

എ) മത്തൻ
ബി) വെണ്ട
സി) കുമ്പളം
ഡി) വഴുതന

iii) ഏതെങ്കിലും പച്ചക്കറിയുടെ പേര് ഉത്തരമായി വരുന്ന ഒരു കടങ്കഥ എഴുതൂ.

**പ്രവർത്തനം 5. കണ്ടെത്താം എഴുതാം**

ഓണമെത്തി. വീടൊരുക്കണം,പൂക്കളമിടണം,സദ്യയുണ്ടാക്കണം. ആകെ തിരക്കിലാണ് അച്ഛനും അമ്മയും."ഞാൻ സഹായിക്കട്ടെ?" നീലു ചോദിച്ചു. "ആയിക്കോട്ടെ, അണ്ണാൻകുഞ്ഞും തന്നാലായത്." അമ്മയുടെ മറുപടി കേട്ട് അച്ഛൻ പൊട്ടിപ്പൊട്ടി ചിരിച്ചു.



i) അമ്മ പറഞ്ഞ പഴഞ്ചൊല്ല് ശ്രദ്ധിച്ചില്ലേ? അതിന്റെ ആശയവുമായി യോജിക്കുന്ന വാക്യം കണ്ടെത്തി എഴുതൂ.

എ) ഒത്തുചേർന്ന് ബഹളം വയ്ക്കുക.
ബി) ഐക്യമുണ്ടെങ്കിൽ എന്തും നേടാം.
സി) ചെറിയ അധ്വാനത്തിനും വിലയുണ്ട്.
ഡി) കാത്തിരുന്ന അവസരം ഒത്തു വരുമ്പോൾ തടസം ഉണ്ടാകുക.

ii) മൃഗങ്ങളുടെ പേരുകൾ ഉൾപ്പെടുന്ന രണ്ട് പഴഞ്ചൊല്ലുകൾ എഴുതൂ.

iii) അമ്മയുടെ മറുപടി കേട്ട് അച്ഛൻ പൊട്ടിപ്പൊട്ടി ചിരിച്ചു.

അടിവരയിട്ട പദക്കൂട്ട് ചേർത്ത് മറ്റൊരു വാക്യം എഴുതൂ.

iv) 'മാതാവ്' എന്ന പദത്തിന് പകരം പ്രയോഗിച്ചിട്ടുള്ള വാക്ക് ഏത്?

**പ്രവർത്തനം 6. വായിക്കാം വരയ്ക്കാം**

മേലേ കുന്നിൻ താഴത്തു നല്ലൊരു
പുഞ്ചവയലുണ്ടേ.
പുഞ്ചവയലിൽ പുഞ്ചിരി തൂകും
സ്വർണ്ണക്കതിരുണ്ടേ.
കതിർമണി കൊത്താൻ വർണ്ണക്കിളികൾ
കാത്തുനിൽപ്പുണ്ടേ.
കളകളമൊഴുകും പുഴയിൽ നിറയെ
പൊടിമീനുകളുണ്ടേ.
പുഴയോരത്തിൽ സ്നേഹം വിളയും
ചെറുവീടുകളുണ്ടേ.

കവിത വായിക്കൂ.എന്തെല്ലാം കാര്യങ്ങളാണ് കവിതയിലുള്ളത്?
എഴുതി നോക്കൂ.

- പുഞ്ചവയൽ
-
-
-
-
-

ii കൂട്ടുകാർ കണ്ടെത്തിയ കാര്യങ്ങൾ ഉൾപ്പെടുത്തി ഒരു ചിത്രം വരയ്ക്കൂ. ചിത്രത്തിന് യോജിച്ച നിറങ്ങളും നൽകൂ.